I ഇ.ബി. XIV - കേരള നിയമസഭ /XIII-6

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഡിസംബർ 04, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

ചട്ടവിരുദ്ധ നിയമനം

മി. സ്പീക്കർ: ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ തന്റെ വകുപ്പിൻകീഴിൽ ഉറ്റബന്ധുവിനെ ചട്ടവരുദ്ധമായി നിയമിച്ച് സത്യപ്രതിജ്ഞാ ലംഘനം നടത്തിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, മഞ്ഞളാംകുഴി അലി, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയ്ക്കുള്ള നിയമന രീതി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയോ സർക്കാർ തലത്തിൽ ഉചിതമെന്ന് തോന്നുന്നവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ നിയമിക്കുകയാണ് പതിവ്. ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് പത്രക്കുറിപ്പും വിജ്ഞാപനവും പുറപ്പെടുവിച്ചതുപ്രകാരം ലഭ്യമായ 7 അപേക്ഷകളിൽ സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ മാനേജരായ ശ്രീ. കെ. ടി. അദീബിന്റെ അപേക്ഷയും ഉൾപ്പെട്ടിരുന്നെങ്കിലും അദ്ദേഹം ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നില്ല. ഇന്റർവ്യൂവിൽ പങ്കെടുത്തവർക്ക് നിശ്ചിത യോഗ്യതയില്ലാത്തതിനാൽ നിയമനം നൽകിയിരുന്നില്ല. രണ്ട് വർഷമായി ഈ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. നിശ്ചിത യോഗ്യതയുള്ള ശ്രീ. കെ. ടി. അദീബിനെ ജനറൽ മാനേജർ തസ്തികയിൽ നിയമിക്കുകയുണ്ടായി. ഇതിൽ ക്രമവിരുദ്ധമോ ചട്ടവിരുദ്ധമോ ആയ യാതൊന്നുമുണ്ടായിട്ടില്ല. കോ-ഓപ്പറേറ്റീവ് ബാങ്ക്/ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ വ്യവസ്ഥയുണ്ട്. നിയമന കാലാവധി

ഒരു വർഷമായതിനാൽ ആരുടെയും അവസരങ്ങൾ നിഷേധിക്കപ്പെടുന്നില്ല. കീഴ്വഴക്കങ്ങൾ കണക്കിലെടുത്താണ് ശ്രീ. കെ. ടി. അദീബിനെ നിയമിച്ചത്. അനാവശ്യ വിവാദങ്ങളും ആരോപണങ്ങളും കാരണം അദ്ദേഹം ഈ സ്ഥാപനത്തിൽനിന്നും റിലീവ് ചെയ്ത് മാതൃസ്ഥാപനത്തിലേയ്ക്ക് പോകുകയുണ്ടായി. ഈ നിയമനത്തിലൂടെ പ്രസ്തുത കോർപ്പറേഷന് യാതൊരുവിധ സാമ്പത്തികനഷ്ടവും ഉണ്ടായിട്ടില്ല. വകുപ്പുമന്ത്രി സത്യപ്രതിജ്ഞാ ലംഘനമോ നിയമലംഘനമോ നടത്തിയിട്ടില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: ഗൗരവമായ ഈ പ്രശ്നത്തിൽ ലാഘവ ബുദ്ധിയോടെയുള്ള ഗവൺമെന്റിന്റെ സമീപനം തികച്ചും ദൗർഭാഗ്യകരമാണ്. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ തസ്തിക, യോഗ്യത, ശമ്പള വ്യവസ്ഥ എന്നിവ സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. അതനുസരിച്ച് ജനറൽ മാനേജർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്താറുള്ളത്. 25/8/2016-ൽ ഈ സ്ഥാപനത്തിലെ 8 തസ്തികകളുടെ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ ജനറൽ മാനേജർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തുകയാണുണ്ടായത്. ഇന്റർവ്യൂവിന് ഹാജരായ മൂന്ന് വ്യക്തികളെ ഒഴിവാക്കിയശേഷമാണ് ഒരു സ്വകാര്യ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനെ ജനറൽ മാനേജരായി നിയമിച്ചത്. ഭരണഘടനാ

വ്യവസ്ഥകളെയും നടപടിക്രമങ്ങളെയും കാറ്റിൽപ്പറത്തി ചട്ടവിരുദ്ധമായി ബന്ധുവിനെ നിയമിച്ചതിലൂടെ വ്യക്തമായ അഴിമതിയാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ന്യൂനപക്ഷ വിഭാഗങ്ങളിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കുറഞ്ഞ പലിശ നിരക്കിൽ ലോൺ ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് നാഷണൽ മൈനോരിറ്റി ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷന്റെ മോഡലിൽ സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. 2012-ൽ നിലവിൽവന്ന ഈ സ്ഥാപനം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുകയോ ഓഡിറ്റുകൾ ശരിയായ വിധത്തിൽ ക്രമപ്പെടുത്തുകയോ ചെയ്തിരുന്നില്ല. സ്ഥാപനത്തിന്റെ കിട്ടാക്കടിശ്ശിക ഇരുപത് ശതമാനത്തിന് മുകളിലായതിനാൽ റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി. ലൈസൻസ് നേടിയെടുക്കാൻ സാധിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ ഏതെങ്കിലും മികച്ച ധനകാര്യ സ്ഥാപനത്തിൽ പ്രവൃത്തി പരിചയമുള്ള ഒരു വ്യക്തിയുടെ സേവനം ഈ സ്ഥാപനത്തിന് അനിവാര്യമായതിനാൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ എട്ട് വർഷം മാനേജരായും സീനിയർ മാനേജരായും പ്രവൃത്തി പരിചയമുള്ള ശ്രീ. കെ. ടി.

അദീബിനെ ബോർഡിന്റെ ശിപാർശ പ്രകാരം ഒരു വർഷത്തേയ്ക്ക് സർക്കാർ നിയമിക്കുകയുണ്ടായി. കഴിവും സേവന സന്നദ്ധതയും പരിഗണിച്ച് ഇത്തരം തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താറുണ്ട്. അപ്രകാരമുള്ള ഒരു നിയമനം മാത്രമാണ് ഇവിടെയും നടന്നത്. ഈ സ്ഥാപനത്തിന്റെ വളർച്ചയെ മാത്രം ലക്ഷ്യം വച്ചുകൊണ്ട് ചെയ്ത ഒരു പ്രവൃത്തിയാണ് ഇവിടെ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്. യഥാർത്ഥ വസ്തുതകൾ മറച്ചുവച്ചുകൊണ്ട് രാഷ്ട്രീയ ദുഷ്ടലാക്കോടെയുള്ള പ്രചരണമാണ് ഇവിടെ നടക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് അടിയന്തരപ്രമേയത്തിൽ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമന യോഗ്യത നിശ്ചയിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടണമെന്ന് റൂൾസ് ഓഫ് ബിസിനസ്സിൽ വ്യവസ്ഥ ചെയ്യുന്നില്ല. 2013-ൽ പ്രസ്തുത കോർപ്പറേഷനിലെ തസ്തിക സൃഷ്ടിക്കൽ വിഷയവും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടക്കുന്ന കാര്യവും പുറംജോലി കരാർ അനുവദിക്കുന്ന കാര്യവുമാണ് മന്ത്രിസഭയുടെ അനുമതിക്കായി പരിഗണിച്ചിരുന്നത്. നിയമന യോഗ്യത നിശ്ചയിക്കൽ മന്ത്രിസഭയുടെ പരിഗണനാ വിഷയമല്ലാത്തതിനാൽ യോഗ്യതയിൽ മാറ്റംവരുത്താൻ മന്ത്രിസഭയുടെ അനുമതി

തേടിയിരുന്നില്ലെന്ന വാദത്തിൽ കഴമ്പില്ല. ഡെപ്യൂട്ടേഷൻ വ്യവസ്ഥപ്രകാരം കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ളവരെ ജോലിക്ക് നിയമിക്കാമെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്കിലുള്ളവരെയും നിയമിക്കാവുന്നതാണ്. എം.ബി.എ. യോഗ്യതയുണ്ടെങ്കിലും ജോലി പരിചയം ഇല്ലാതിരുന്നതിനാലാണ് മറ്റുള്ളവരെ ഒഴിവാക്കേണ്ടിവന്നത്. നിയമനകാര്യത്തിൽ ക്രമക്കേടുകളില്ലാത്തതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തിക സൃഷ്ടിച്ചതും യോഗ്യത നിശ്ചയിച്ചതും മന്ത്രിസഭാ യോഗതീരുമാനപ്രകാരമാണെന്ന് വകുപ്പ് സെക്രട്ടറിയുടെ കുറിപ്പിൽ നിന്നും വ്യക്തമാണ്. സ്റ്റാറ്റ്യൂട്ട് അല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തരുതെന്ന കോടതി വിധി അട്ടിമറിച്ചുകൊണ്ടുള്ള ബന്ധുനിയമനത്തിലൂടെ മന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയിരിക്കുന്നത്. ആത്മാഭിമാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഡോ. കെ. ടി. ജലീൽ

മന്ത്രിസ്ഥാനം രാജിവയ്ക്കാൻ തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ ഞാനും എന്റെ പാർട്ടിയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന ആവശ്യവുമായി മുസ്ലീം ലീഗ് അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കവേ സഭവിട്ട് പുറത്തുപോയ അംഗങ്ങൾ തിരികെ വന്ന് ഇവരോടൊപ്പം ചേരുകയുണ്ടായി.)

<u>ശ്രീ. കെ. എം. മാണി</u>: പി.സി. ജെയിംസിനെ സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്ന് എന്റെ പേഴ്സണൽ സ്റ്റാഫിലാണ് നിയമിച്ചത്. അതിന് ഡോ. കെ. ടി. ജലീലിന്റെ ബന്ധു നിയമനവുമായി യാതൊരു ബന്ധവുമില്ല. എനിക്കെതിരെ ഇവിടെ ഉന്നയിച്ച ആരോപണം വസ്തുതാവിരുദ്ധമാണ്.

## II ശ്രദ്ധക്ഷണിക്കൽ

### (1) <u>അരി, മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച നടപടി</u>

<u>ശ്രീ. സജി ചെറിയാൻ</u>: 1966-ലെ ഭക്ഷ്യഭദ്രതാ കരാർ ലംഘിച്ചുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിനുള്ള അരി, മണ്ണെണ്ണയടക്കമുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. കുറവുവരുന്ന ഭക്ഷ്യോൽപ്പന്നം പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റംവഴി ജനങ്ങൾക്ക് നൽകേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ

ഉത്തരവാദിത്വമാണ്. ഭക്ഷ്യോൽപ്പന്നങ്ങളുടെ അളവ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കുകയും കേന്ദ്ര ഗവൺമെന്റിന് നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തല പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചുപോയി.)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): 1965-ൽ സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം ആരംഭിക്കുകയും 1997-ൽ എ.പി.എൽ., ബി.പി.എൽ. രീതി നിലവിൽ വരികയും ചെയ്തു. 2000-ൽ കേന്ദ്ര സർക്കാർ എ.എ.വൈ., അന്നപൂർണ്ണ സ്കീമുകൾ നടപ്പാക്കി. കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് ക്രമാതീതമായി വെട്ടിക്കുറച്ചതിലൂടെ മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യധാന്യ ലഭ്യത പരിമിതപ്പെട്ടു. വാർഷിക ശരാശരി കണക്കാക്കുമ്പോൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അധിക ബി.പി.എൽ. വിഹിതം കണക്കിലെടുക്കാൻ കഴിയില്ലെന്നും ഭക്ഷ്യഭദ്രതാ നിയമപ്രകാരം കേരളത്തിനുള്ള ടൈഡ് ഓവർ വിഹിതം പര്യാപ്തമാണെന്നുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര

സർക്കാർ അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്നില്ല. കേരളത്തിന് അനുവദിക്കുന്ന മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(2) ക്ഷേമനിധി പെൻഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ: കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കണം. പ്രസ്തുത പദ്ധതിയെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ലയിപ്പിക്കുന്നതിനുള്ള തീരുമാനം അടിയന്തരമായി നടപ്പാക്കുന്നതിനും തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും എല്ലാ ജില്ലകളിലും ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി വിഭാവനം ചെയ്തിട്ടില്ല. റിട്ടയർമെന്റ് ആനുകൂല്യമായി പദ്ധതിയിൽ അംശദായം മുടക്കം കൂടാതെ അടച്ച് 40 വർഷമോ 60 വയസ്സോ പൂർത്തിയാകുന്ന ഒരംഗത്തെ പദ്ധതിയിൽ നിന്ന് റിട്ടയർ ചെയ്യുന്നതായി കണക്കാക്കി അയാളും തൊഴിലുടമയും പദ്ധതിയിൽ അടയ്ക്കുന്ന

യഥാർത്ഥ തുകയ്ക്ക് 5 ശതമാനം പലിശ സഹിതം നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ചികിത്സാ ധനസഹായമായി 10,000 രൂപയും മരണാനന്തര സഹായമായി 5,000 രൂപയും നൽകിവരുന്നുണ്ട്. 2004-ലെ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി 2005-ലെ പരിഷ്കരിച്ച കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ലയനം പൂർത്തിയാകുന്ന മുറയ്ക്ക് അവർക്ക് പെൻഷൻ ഉൾപ്പെടെ കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

**III സബ്മിഷൻ**

(1) <u>പ്രത്യേക പാക്കേജ്</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: പ്രളയത്തെത്തുടർന്ന് തകർന്നുപോയ വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനായി 500 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: പ്രളയദുരന്തത്തിൽ കനത്ത നഷ്ടമുണ്ടായ വയനാട് ജില്ലയിലെ കാർഷികമേഖലയ്ക്ക് അഞ്ഞൂറ് കോടിയിൽപ്പരം രൂപയുടെ നാശനഷ്ടമുണ്ടായതായി ഐക്യരാഷ്ട്രസഭയുടെ ഏജൻസി

വിലയിരുത്തിയിട്ടുണ്ട്. പ്രളയാനന്തര പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ എല്ലാ ദുരിതാശ്വാസ പ്രവർത്തനങ്ങളും വയനാട് ജില്ലയിലും നടപ്പിലാക്കിയിട്ടുണ്ട്. കാർഷികമേഖലയിൽ സർക്കാർ നിക്ഷേപത്തോടൊപ്പം സന്നദ്ധസംഘടനകളുടെ സഹായവും തേടുന്നതാണ്. പദ്ധതി നടത്തിപ്പിൽ ക്രമീകരണം വരുത്തി കാർഷിക മേഖലയ്ക്ക് മുന്തിയ പ്രാധാന്യം സർക്കാർ നൽകുന്നതാണ്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കാർഷികമേഖലയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം കൂടുതൽ പരിശോധനകൾക്ക് ശേഷം തീരുമാനിക്കുന്നതാണ്.

(2)<u>വിമാനത്താവളം നിർമ്മിക്കൽ</u>

<u>ശ്രീ. പി. സി. ജോർജ്</u>: എരുമേലിയിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ഇതിനായി ചെറുവള്ളി എസ്റ്റേറ്റിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടെക്നോ എക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാതപഠനവും സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി.യുമായി ഒപ്പുവച്ച

ധാരണാപത്രപ്രകാരം പദ്ധതിക്കാവശ്യമായ അംഗീകാരം, അനുമതി എന്നിവ കൺസൽട്ടന്റാണ് ലഭ്യമാക്കേണ്ടത്.

(3) കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. ജെ. മാക്സി: കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പള്ളുരുത്തി പോലീസ് സ്റ്റേഷന്റെ അതിർത്തി പുനഃക്രമീകരിച്ച് കുമ്പളങ്ങിയിൽ നിലവിലുള്ള ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് അനുയോജ്യമായ തീരുമാനമെടുക്കുന്നതാണ്.

(4) അനുമതി നൽകൽ

ശ്രീ. കെ. ദാസൻ: കുറ്റ്യാടി കനാലും അനുബന്ധ കനാൽ ശൃംഖലകളുമായി ബന്ധപ്പെട്ട ചെറിയ പ്രവൃത്തികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ അനുമതി കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കനാലുകൾക്ക് കുറുകെയും കനാലുകളോട് ചേർന്നുള്ള

ബണ്ട് റോഡുകളിലും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരാക്ഷേപ പത്രം നൽകേണ്ടത് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറാണ്. അപൂർണ്ണമായ അപേക്ഷകളും അനുബന്ധരേഖകളും സമർപ്പിക്കുന്നതാണ് നിരാക്ഷേപപത്രം നൽകുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കാര്യാലയങ്ങളിൽ നടപടികൾ പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് കാലതാമസം ഒഴിവാക്കി മുപ്പതു ദിവസത്തിനകം നിരാക്ഷേപ പത്രം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(5) സംരക്ഷണഭിത്തി

ശ്രീമതി വീണാ ജോർജ്ജ്: മഹാപ്രളയത്തെ തുടർന്ന് ആറന്മുള നിയോജക മണ്ഡലത്തിലെ അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും തീരപ്രദേശങ്ങൾ ഇടിഞ്ഞ് കൃഷിയിടങ്ങളും വീടുകളും തകരുന്ന സാഹചര്യത്തിൽ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): ജലസേചന വകുപ്പിന്റെ പ്രളയാനന്തര പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവൃത്തികളിൽ ആറന്മുള പഞ്ചായത്തിലെ പ്രവൃത്തികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്തും തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫ്ലഡ് കൺട്രോൾ ഹെഡ്ഡിൽ അനുവദിച്ച തുകയിൽ

ഉൾപ്പെടുത്തി അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും തീരപ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സർവ്വശ്രീ അനിൽ അക്കര, കെ. എം. മാണി, പി. കെ. ബഷീർ എന്നീ അംഗങ്ങൾ ഹാജരല്ലാത്തതിനാൽ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

## (6) നെല്ല് സംഭരണത്തിലെ അപാകതകൾ

ശ്രീ. കെ. വി. വിജയദാസ്: അപാകതകൾ പരിഹരിച്ച് പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): പാലക്കാട് ജില്ലയിൽ നെല്ല് സംഭരണമാരംഭിച്ചപ്പോൾ ചെറിയ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും ഇപ്പോൾ പൂർണ്ണമായി സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും സംഭരിക്കാനുണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വരുന്ന സീസണിൽ സഹകരണമേഖലയെക്കൂടി ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നതാണ്.

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

## IV **റിപ്പോർട്ട് സമർപ്പണം**

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1. 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

2. 2018-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

3. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എഴുപത്തിമൂന്ന് മുതൽ എൺപതുവരെയുള്ള റിപ്പോർട്ടുകൾ.

4. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

## V **ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവച്ചു.

## VI **നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. കടകംപള്ളി സുരേന്ദ്രൻ): രണ്ട് ഭേദഗതികൾ കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 14 ജില്ലകളിലും ടൂറിസം സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഭൂരിഭാഗവും പ്രവർത്തനരഹിതമാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള

സ്രോതസ്സ് എന്ന നിലയിൽ ടൂറിസം വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. സഹകരണ നിയമത്തിൽ മറ്റെല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങൾക്കും നിർവ്വചനം നല്കിയിട്ടുണ്ടെങ്കിലും പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങൾക്കുമാത്രം നിർവ്വചനവും പ്രവർത്തന പരിധിയും നിശ്ചയിച്ചിട്ടില്ല. ഏകീകൃത സ്വഭാവം കൈവരിക്കുന്നതിനുവേണ്ടി പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധി നിശ്ചയിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ ടൂറിസം സൊസൈറ്റി പ്രവർത്തിക്കുന്നതാണ് അഭികാമ്യം. പാൽ വിതരണ സഹകരണ സംഘങ്ങളെ സംബന്ധിക്കുന്നതാണ് രണ്ടാമത്തെ ഭേദഗതി. ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ മിൽമയുടെ പ്രവർത്തനങ്ങളിൽ കാലോചിതമായി മാറ്റം വരുത്താനുള്ള പദ്ധതികളെക്കുറിച്ച് തയ്യാറാക്കുന്ന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില ഭേദഗതികൾ നിയമത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

(നിരാകരണ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. സി. ദിവാകരൻ</u>: 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള

സഹകരണ പ്രസ്ഥാനം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി മുന്നോട്ട് കൊണ്ടുപോകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഗ്രാമങ്ങളിൽ അതിശക്തമായി നിലകൊള്ളുന്ന ഒരു ജനകീയ പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. സഹകരണ മേഖലയിലെ അഴിമതി കണ്ടെത്തുന്നതിന് പ്രത്യേക വിജിലൻസ് സംവിധാനം ഏർപ്പെടുത്തണം. കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും സാമൂഹ്യക്ഷേമ രംഗങ്ങളിലും ശക്തമായ ഇടപെടലുകൾ നടത്താൻ സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ട്. 28-ാം വകുപ്പിന്റെ ഭേദഗതിയിൽ (1 ഡി) ഉപവകുപ്പിനുശേഷം ചേർക്കേണ്ട ഉപവകുപ്പിൽ സംഘത്തിന്റെ പ്രവർത്തന പ്രദേശവും ആസ്തികളും ബാദ്ധ്യതകളും വിഭജനം നടത്താതെ രജിസ്ട്രേഷൻ നടത്തിയ ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കുവേണ്ടി രജിസ്ട്രാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കേണ്ടതാണെന്നുള്ള വ്യവസ്ഥ പുനഃപരിശോധിക്കണം. മിൽമയുടെ ജില്ലാതല സംഘങ്ങളുടെ തെരഞ്ഞെടുപ്പ് അതാത് ജില്ലകളിൽത്തന്നെ നടത്തുന്നതിനും എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻഡിച്ചർ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. മിൽമയും ക്ഷീര വികസന വകുപ്പും ചേർന്ന് ടൂറിസം മേഖലയിൽ ജോയിന്റ് വെൻച്വർ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റയും പച്ചപ്പുല്ലും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും

സ്വകാര്യ കാലിത്തീറ്റ കമ്പനികളുടെ കുത്തക അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നിയമഭേദഗതികൾ മാത്രം കൊണ്ടുവരാതെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള വിവിധ കമ്മിഷനുകളുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണം.

ശ്രീ. വി. കെ. സി. മമ്മത് കോയയ്ക്കുവേണ്ടി ശ്രീ. വി. ജോയി: 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ രംഗത്ത് കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. സഹകരണ മേഖലയുടെ ഇടപെടൽ ടൂറിസം രംഗത്തെ അഴിമതി തടയുന്നതിനും ടൂറിസം ഡെസ്റ്റിനേഷനുകളുടെ വിപുലീകരണത്തിനും സാധ്യമാകുന്നു. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് താലൂക്ക് അടിസ്ഥാനമാക്കിയുള്ള ടൂ-ടയർ സിസ്റ്റം ഏർപ്പെടുത്താനുള്ള നടപടി അഭിനന്ദനാർഹമാണ്. മിൽമയുടെ മേഖലാ യൂണിയനുകളിൽ ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കണം. ഗുണമേന്മയുള്ള പാലിന് കൃത്യമായ വില നൽകുകയും ക്ഷീര കർഷകർക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ മിൽമയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുകയും ചെയ്യണം. സഹകരണ മേഖലയ്ക്ക് കൂടുതൽ ഉണർവ്വേകുന്ന തരത്തിലുള്ള ബില്ലാണ് ഇവിടെ

അവതരിപ്പിച്ചിരിക്കുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നയം. സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് യഥാർത്ഥ സ്വർണ്ണമാണോയെന്ന് പരിശോധിക്കുന്നതിനും സഹകരണ സംഘങ്ങളിൽ നടക്കുന്ന അഴിമതികളിൽ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെടുന്ന സഹകാരികൾക്കും ഉത്തരവാദിത്വമുണ്ടെന്നുള്ള നിലയിൽ നടപടികളിൽ മാറ്റം വരുത്താനും തീരുമാനിച്ചിട്ടുണ്ട്. അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാനത്ത് വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർ ഫെഡ്ഡിനെ പ്രവർത്തനലാഭത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ക്ഷീരമേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ക്ഷീരോൽപ്പാദനം 83 ശതമാനമായി വർദ്ധിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരെ 'കെയർ ഹോം' പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങൾ സഹകരണ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. സഹകരണ മേഖലയിൽ സമാനതകളില്ലാത്ത വളർച്ച കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്.

ക്ഷേമപെൻഷനുകൾ കൃത്യമായി വീടുകളിലെത്തിക്കുന്നതിനും കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതാണ്. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2. <u>2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മറ്റ് സംസ്ഥാനങ്ങളെല്ലാം സമാനമായ ഭേദഗതികൾ പാസ്സാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒന്നര വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിൽ നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായി ടേൺ ഓവർ 60 ലക്ഷത്തിൽ കൂടുതലാണെങ്കിൽ മുഴുവൻ നികുതിയും അടയ്ക്കണം. പ്രിസംപ്റ്റീവ് ടാക്സിന്റെ പരിധി ഒന്നര കോടിയായി ഉയർത്തുന്നത് ചെറുകിട വ്യാപാരികൾക്ക് സഹായകരമാണ്. പ്രിസംപ്റ്റീവ്

ടാക്സ് ഓപ്റ്റ് ചെയ്യുന്നവർ മൂന്ന് മാസത്തിലൊരിക്കൽ റിട്ടേൺ നൽകിയാൽ മതി. അൺരജിസ്റ്റേർഡ് വ്യാപാരികളിൽനിന്ന് സാധനങ്ങൾ വാങ്ങുന്ന രജിസ്റ്റേർഡ് വ്യാപാരികൾ നികുതി സ്വന്തമായി കൊടുക്കേണ്ടതാണ്. ഇത് സാർവ്വത്രികമായി നടപ്പിലാക്കിയാൽ രജിസ്റ്റേർഡ് വ്യാപാരികളിൽ നിന്നുമാത്രം സാധനങ്ങൾ വാങ്ങുകയും അത് അസംഘടിത മേഖലയ്ക്ക് വളരെയേറെ ദോഷം ചെയ്യുകയും ചെയ്യും. റിവേഴ്സ് ടാക്സ് ബാധകമാക്കുന്നത് സംബന്ധിച്ച് സംസ്ഥാനങ്ങൾ തീരുമാനിക്കുകയും ജി.എസ്.ടി. കൗൺസിലിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്യുന്നത് ചെറുകിട വ്യാപാരികൾക്ക് വളരെ സഹായകരമാകുന്നതാണ്.

(നിരാകരണപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയത് രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ ദൂഷ്യവശങ്ങൾ

പരമാവധി ലഘൂകരിച്ച് നടപ്പിലാക്കാൻ ശ്രമം നടത്തിയെങ്കിലും സംസ്ഥാനത്തിന് ലഭിക്കേണ്ട ഗുണഫലം ലഭ്യമായിട്ടില്ല. നോട്ട് നിരോധനത്തോടൊപ്പം ജി.എസ്.ടി. കൂടി വന്നതോടെ നിരവധി ചെറുകിട വ്യാപാര വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടേണ്ടിവന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ ഒരു പരിധിവരെ ചെറുകിട വ്യാപാര വ്യവസായ മേഖലയ്ക്ക് സഹായകമായിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കുന്നതിനും കേന്ദ്ര ജി.എസ്.ടി. നിയമം പര്യാപ്തമായില്ലെന്നുമാത്രമല്ല സാധാരണക്കാരന്റെ ദുരിതങ്ങൾ വർദ്ധിപ്പിക്കുന്നതിനും നികുതി ഘടന സങ്കീർണ്ണമാകുന്നതിനും സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നതിനും ഇടയാക്കുകയും ചെയ്തു. ചെറുകിട വ്യവസായ മേഖലയേയും കാർഷിക മേഖലയേയും ജി.എസ്.ടി. ദോഷകരമായി ബാധിച്ചു. ബഹുരാഷ്ട്ര കമ്പനികളും വൻകിട കോർപ്പറേറ്റുകളും ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വരുത്തിയ വീഴ്ചകൾ പരിഹരിച്ചിട്ടില്ല. ഒന്നരക്കോടിയിൽ താഴെ ടേൺ ഓവറുള്ള ഉൽപ്പാദകരെയും വ്യാപാരികളെയും ജി.എസ്.ടി. പ്രകാരമുള്ള നികുതി നിരക്കുകൾ ദോഷകരമായി ബാധിക്കുകയും ചെറുകിടക്കാരുടെ മത്സരശേഷി കുറയുകയും നികുതിനിരക്കുകൾ പതിന്മടങ്ങായി വർദ്ധിക്കുകയും ചെയ്തു. നികുതി ഘടനയിലെ പൊരുത്തക്കേടുകൾക്ക് പരിഹാരം കാണുന്നതിനുള്ള അവകാശം ജി.എസ്.ടി.

കൗൺസിലിനു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നത് പോരായ്മയാണ്. ജി.എസ്.ടി. മുഖേന കൊണ്ടുവന്നിട്ടുള്ള ഇളവുകൾ ഉപഭോക്താവിന് ലഭ്യമായിട്ടില്ലെന്നുമാത്രമല്ല ആന്റി-പ്രോഫിറ്റീയറിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അപ്രാപ്യവുമായി. ജി.എസ്.ടി. കൗൺസിൽ നോട്ടിഫൈ ചെയ്ത സാധനങ്ങൾക്കും സേവനങ്ങൾക്കും മാത്രമായി റിവേഴ്സ് ചാർജ്ജ് നിജപ്പെടുത്തുന്നതിനായി ഖണ്ഡം 4 പ്രകാരം വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളും കോമ്പൻസേഷൻ ലെവി ചുമത്തുന്നതിനുള്ള ടേൺ ഓവർ പരിധി ഒരു കോടി രൂപയിൽ നിന്ന് ഒന്നരക്കോടി രൂപയായി ഉയർത്തിക്കൊണ്ട് ഖണ്ഡം 5 പ്രകാരം വരുത്താനുദ്ദേശിക്കുന്ന ഭേദഗതിയും വ്യത്യസ്ത സ്ഥലങ്ങളിൽ നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് വെവ്വേറെ രജിസ്ട്രേഷനുകൾ എടുക്കാൻ വ്യാപാരിയെ പ്രാപ്തമാക്കുന്ന ഖണ്ഡം 13 പ്രകാരമുള്ള ഭേദഗതിയും വ്യാപാരികൾക്ക് കൂടുതൽ ഗുണകരമാകും. ഒരു സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള അധികാരം ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ ഖണ്ഡം 14 പ്രകാരമുള്ള ഭേദഗതി കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കണം. ഖണ്ഡം 15 പ്രകാരം വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ

സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് കൂടുതൽ സൗകര്യപ്രദമാക്കും. ഖണ്ഡം 17, 18 എന്നിവയിലൂടെ കൊണ്ടുവരാനുദ്ദേശിക്കുന്ന 'സിങ്കിൾ റിട്ടേൺ' എന്ന ആശയം സ്വാഗതാർഹമാണ്. നിയമവിധേയമല്ലാതെ ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുന്നതുമൂലം പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തിരിച്ചുനൽകാനുള്ള കാലാവധി വർദ്ധിപ്പിച്ചത് വ്യാപാരികൾക്ക് കൂടുതൽ സാവകാശം നൽകുമെന്നതിനാൽ ഖണ്ഡം 27 പ്രകാരമുള്ള ഭേദഗതി സ്വാഗതാർഹമാണ്. കാലാവധി വർദ്ധിപ്പിക്കുന്നതിനായി ഖണ്ഡം 28 പ്രകാരം വരുത്താനുദ്ദേശിക്കുന്ന ഭേദഗതി ജോബ് വർക്കുചെയ്യുന്നവർക്ക് കൂടുതൽ പ്രയോജനപ്രദമാകും. തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന ക്യാന്റീൻ ഭക്ഷണത്തെ ജി.എസ്.ടി.-യുടെ പരിധിയിൽനിന്ന് ഒഴിവാക്കണം. ഇരുപത് ലക്ഷം രൂപ വരെ വിറ്റുവരവുള്ള കച്ചവടക്കാർക്കുള്ള നികുതി ഒഴിവും ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള കച്ചവടക്കാർക്ക് ഒരു ശതമാനം നികുതിയെന്ന വ്യവസ്ഥയും സംസ്ഥാനത്തും ബാധകമാക്കണം. HSN Code-ൽ ഉൾപ്പെടാത്ത ഉൽപ്പന്നങ്ങൾക്കുള്ള നികുതി കുറയ്ക്കുന്നതിനും ജി.എസ്.ടി. റീഫണ്ട് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. VAT കുടിശ്ശിക

പിരിച്ചെടുക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് നിവാരണ പദ്ധതികൾ പ്രഖ്യാപിക്കുകയും ഉദാരവ്യവസ്ഥകളോടെ ആംനസ്റ്റി സ്കീം നടപ്പിലാക്കുകയും വേണം. ജി.എസ്.ടി. റീഫണ്ടിനുള്ള അപേക്ഷകൾ ഓൺ ലൈനായി സമർപ്പിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം. കയറ്റുമതിക്കായി വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് നൽകുന്ന ജി.എസ്.ടി റീഫണ്ട് ചെയ്യുന്നതിനുള്ള സംവിധാനം ജി.എസ്.ടി വെബ് സൈറ്റിൽ ഒരുക്കുന്നതിനും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്തുകിട്ടുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സേവനങ്ങൾക്കും ക്യാപിറ്റൽ ഗുഡ്സിനുമുള്ള ജി.എസ്.ടി റീഫണ്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: 2018-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ ചെറുകിട വ്യാപാര-വ്യവസായ മേഖലകളിലുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഹെൽപ്പ്ലൈൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഉപഭോക്താക്കൾ ഓൺലൈനിലൂടെ സമർപ്പിച്ച അപേക്ഷകളിലെ തെറ്റ് തിരുത്തുന്നതിനും സംവിധാനമൊരുക്കണം. പ്രസ്തുത നിയമത്തിന്റെ പ്രാരംഭഘട്ടത്തിലെ സാങ്കേതിക പ്രശ്നങ്ങൾ ഭേദഗതിയിലൂടെ പരിഹരിക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനായി ചരക്കുകളുടെ പരിശോധന

കർശനമാക്കുന്നതിനും നടപടി സ്വീകരിക്കണം. വിവിധ ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. നിരക്കിലുണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് നിഷേധിക്കുന്ന വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ പ്രളയ ദുരന്തത്തിൽ കച്ചവടസാധനങ്ങൾ നശിച്ചുപോയ ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് നികുതി കുടിശ്ശികയിനത്തിൽ ഭീമമായ തുക അടയ്ക്കുന്നതിന് നോട്ടീസ് നൽകുന്ന നടപടി പുന:പരിശോധിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ബില്ലിന്റെ ഖണ്ഡം 14 പ്രകാരം വരുത്താനുദ്ദേശിക്കുന്ന ഭേദഗതി ദുരുപയോഗം ചെയ്യപ്പെടുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഹജ്ജ് കമ്മിറ്റി ചാർട്ടർ ചെയ്യുന്ന ഫ്ലൈറ്റുകൾക്ക് ഈടാക്കുന്ന 18 ശതമാനം നികുതി കുറയ്ക്കുന്നത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിന് സമർപ്പിച്ച നിവേദനത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്. ആന്റി-പ്രോഫിറ്റീയറിംഗ് നടപടിയുമായി ബന്ധപ്പെട്ട് ജി.എസ്.ടി. നിരക്കിലുണ്ടായ കുറവ് ഉപഭോക്താക്കളിൽ ലഭ്യമാക്കാത്ത വ്യാപാരികൾക്കെതിരെ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ദേശീയതല സമിതിക്ക് സമർപ്പിച്ച പരാതിയിന്മേൽ തീരുമാനമെടുത്തിട്ടില്ല. പ്രളയദുരന്തത്തിൽപ്പെട്ട് നശിച്ചുപോയ വ്യാപാരികളുടെ കച്ചവട സാധനങ്ങൾക്ക് ജി.എസ്.ടി. കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകൾ ദേശീയ തലത്തിൽ ചർച്ച

ചെയ്ത് പരിഹരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2018-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 1.31-ന് പിരിഞ്ഞു.